# ആമുഖം

കോഴിക്കോട് ജില്ലയിലെ ചേവായൂർ സബ്ജില്ലയിലെ കണ്ടൽ കാടുകളുടെ നാടായ കോട്ടൂളിയിലാണ് കോട്ടൂളി യു.പി സ്കൂൾ. 113 വർഷത്തെ പഴക്കമുള്ള ധാരാളം തലമുറകൾക്ക് അക്ഷരവെളിച്ചമേകിയ കോട്ടൂളി യുപി സ്കൂൾ ഇന്ന് പുതിയ ആധുനിക സൗകര്യമുള്ള ഒരു വിദ്യാലയമായി മാറിയിരിക്കുന്നു.

വിദ്യാലയത്തെ മികച്ച രീതിയിൽ മുന്നോട്ട് കൊണ്ടു പോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ലക്ഷ്യമാക്കിയുള്ളതാണ് ഈ വർഷത്തെ മാസ്റ്റർ പ്ലാൻ

എല്ലാപ്രവർത്തനങ്ങളും ഉത്സാഹത്തോടെ ഏറ്റെടുക്കുന്ന അധ്യാപകർ സജീവമായ പിടിഎ എംപിടിഎ പൊതുസമൂഹം എന്നിവരുടെ സഹകരണത്തോടെ പുതിയ വിദ്യാഭ്യാസ വർഷത്തിലും മികവിന്റെ പാതയിൽ തുടരണം എന്ന ദൃഢപ്രതിജ്ഞയോടെയാണ് ഈ അക്കാദമിക മാസ്റ്റർ-പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

# പൊതുലക്ഷ്യങ്ങൾ

1. കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.
2. ക്ലാസിലെ എല്ലാ കുട്ടികൾക്കും അവർ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
3. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് സംസ്കൃതം ഹിന്ദി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
4. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി കഴിവ് എന്നിവക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും നൽകുക.
5. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കുന്നു.
6. ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്മുറികളിൽ ഉപയോഗിക്കും.
7. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് ആധുനികവത്കരിക്കുന്നതിനായി പൊതുസമൂഹത്തെ സമീപിക്കും.
8. കുട്ടികൾക്ക് ഇംഗ്ലീഷ് സംസാരിക്കുന്നതിനുള്ള കൂടുതൽ അവസരങ്ങൾ ഒരുക്കും.
9. പൊതുവിജ്ഞാനം വർധിപ്പിക്കുന്നതിനായി ദിവസവും ചോദ്യങ്ങൾ നൽകി പൊതുവിജ്ഞാനത്തിൽ അറിവ് വർധിപ്പിക്കും.

10. സർഗാത്മക രചനകൾക്ക് അവസരം നൽകും.

11. പ്രവൃത്തി പരിചയത്തിൽ കുട്ടികൾക്ക് കൂടുതൽ പരിശീലനം നൽകുന്നതിന് ശ്രമിക്കും.

12. എല്ലാ ക്ലബ്ബ് പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമാക്കും.

13. ഭിന്നശേഷി കുട്ടികളെ കൂടുതൽ പ്രവർത്തനങ്ങൾ നൽകി മുന്നോട്ട് നയിക്കും.

14. അന്യഭാഷ സംസാരിക്കുന്ന കുട്ടികളെ പ്രത്യേകം പരിഗണിക്കും.

15. മാലിന്യമുക്ത ഹരിത വിദ്യാലയമായി സംരക്ഷിക്കും.

16. രാസ, ലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്ക് എതിരായ മുൻകരുതലുകൾ.

# ഇംഗ്ലീഷ്

## ലക്ഷ്യങ്ങൾ

ഇംഗ്ലീഷ് ഭാഷയിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക.

ഇംഗ്ലീഷ് ഭാഷ സംസാരിക്കാൻ അവസരങ്ങൾ ഒരുക്കുക.

സ്വതന്ത്രമായി ഇംഗ്ലീഷ് സംസാരിക്കാനും വായിക്കാനുമുള്ള അവസരം ഒരുക്കുക.

എഴുതാനുള്ള അവസരം ഒരുക്കുക.

ഇംഗ്ലീഷ് ഭാഷയോട് താത്പര്യം ഉണ്ടാക്കുക.

ഭാഷ തെറ്റില്ലാതെ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് വികസിപ്പിക്കുക.

ഇംഗ്ലീഷ് പ്രാവീണ്യം നേടാൻ പുറമെ നിന്ന് ഉള്ള ക്ലാസുകൾ സംഘടിപ്പിക്കുക.

സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഭാഷാപഠനം എളുപ്പമാക്കുക.

## പ്രവർത്തനങ്ങൾ

അസംബ്ലി.
ഇംഗ്ലീഷ് ഡയറി
ഗ്രീറ്റിംഗ് കാർഡ്.
കഥ പറയൽ.
കഥ എഴുതുക.
റിഡിൽസ്.
പസ്സിൽസ്.
കളികൾ.
റോൾപ്ലേ.
ഡിബേറ്റ്
സെമിനാർ.
ഇ മെയിൽ പ്രോജക്റ്റ്.
സ്ലോഗൻസ്.
നോട്ടീസ്.
അഡ്വർടൈസ്മെന്റ്.
കൺസപ്റ്റ് മാപ്പ്.
സ്റ്റോറി മാപ്പ്.
സെന്റൻസ് മേക്കിംഗ്.
കോറിയോഗ്രാഫി.

# ഭാഷ.

## മലയാളം.

## ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളെയും വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.
2. ഓരോ ക്ലാസിനും അനുയോജ്യമായ ആശയവിനിമയ ശേഷി നേടുന്നു എന്ന് ഉറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗാത്മക രചനകൾക്ക് അവസരം നൽകുക.
5. ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനും പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കുക.
6. മികച്ച വായനാശീലം വളർത്തുക.
7. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യസാധ്യതകൾ പ്രയോജനപ്പെടുത്തുക.
8. സ്വയം വിലയിരുത്തൽ സാധ്യതകൾ പരിഗണിക്കുക.

## പ്രവർത്തനങ്ങൾ

- ക്ലാസ് ലൈബ്രറി
- ഹോം ലൈബ്രറി.
- അക്ഷരകാർഡ്
- വായനാ കാർഡ്
- വായനാകുറിപ്പ്
- പത്രവായന.
- കഥയരങ്ങ്.
- പാട്ടരങ്ങ്.
- വായനോത്സവം
- രചനോത്സവം.
- സംയുക്ത ഡയറി.
- ജീവചരിത്ര കുറിപ്പ്.
- സചിത്ര അവതരണം.
- ദൃശ്യാവിഷ്കാരം.
- പാവനാടകം.
- ഡിബേറ്റ്.
- സെമിനാർ.

# ഹിന്ദി.

## ലക്ഷ്യം.

എല്ലാ കുട്ടികൾക്കും ഹിന്ദിഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ.

CWSN, SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ.

ഡയറിക്കുറിപ്പുകൾ എഴുതാൻ പരിശീലിപ്പിക്കുക.

രാഷ്ട്രത്തോടുള്ള സ്നേഹം വർധിപ്പിക്കുക.

ഹിന്ദി സാഹിത്യവുമായി ബന്ധപ്പെടാനുള്ള അവസരം ഒരുക്കുക.

കുട്ടികൾക്ക് മാനസിക ഉല്ലാസം നിലനിർത്തിക്കൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തനങ്ങൾ പാക്കേജുകൾ നടപ്പിലാക്കുക.

## പ്രവർത്തനങ്ങൾ

ഹിന്ദി വായന.

ദൈനംദിന വാക്കുകൾ പരിശീലനം.

ഹിന്ദിയിൽ എണ്ണൽ.

ആഴ്ച, മാസം എന്നിവ ഹിന്ദിയിൽ.

പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഐസിടി ഉപയോഗിച്ച് പ്രത്യേക പരിശീലനങ്ങൾ.

അക്ഷരമാല അവതരണം.

പ്രസംഗ പരിശീലനം.

ഹിന്ദി പത്രിക.

അസംബ്ലി.

ഹിന്ദി ഡോക്യുമെന്ററി.

## സംസ്കൃതം

### ലക്ഷ്യങ്ങൾ

അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കുക.

എല്ലാ കുട്ടികൾക്കും വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.

സർഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസരം ഒരുക്കൽ.

ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ഭാഷാശേഷി വികസിപ്പിക്കൽ.

### പഠനപ്രവർത്തനങ്ങൾ

പിന്നോക്കക്കാരെ പ്രത്യേകം പരിഗണിക്കുന്ന

സംസ്കൃതം അസംബ്ലി.

പദപ്പയറ്റ്.

പോസ്റ്റർ നിർമ്മാണം.

കഥ അവതരണം.

ജീവചരിത്രക്കുറിപ്പ്.

വിവിധ കലാരൂപങ്ങളെ പരിചയപ്പെടുത്തൽ.

# പരിസര പഠനം / സയൻസ്

## ലക്ഷ്യങ്ങൾ

ശാസ്ത്രീയതാത്പര്യം വളർത്തുന്നതിനും ശാസ്ത്രീയ അവബോധവും മനോഭാവവും വികസിപ്പിക്കുന്നതിലും ശ്രദ്ധകേന്ദ്രീകരിക്കുന്നു.

പ്രകൃതിസ്നേഹം ഉണ്ടാക്കുന്നു. പ്രകൃതിയെ സംരക്ഷിക്കുന്നതിനുള്ള മനോഭാവം ഉണ്ടാക്കുന്നു.

ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അവസരങ്ങൾ ഒരുക്കുക.

ശാസ്ത്രപ്രക്രിയ ശേഷികൾ വികസിപ്പിക്കുക.

ലഘുപരീക്ഷണങ്ങൾ നടത്തി കുറിപ്പ് തയ്യാറാക്കി മുന്നേറാനുള്ള അവസരം ഒരുക്കുന്നു.

ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## പ്രവർത്തനങ്ങൾ

ശാസ്ത്രമേള.
ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ ശേഖരിക്കൽ.
പതിപ്പ്, ചാർട്ട്, ആൽബം
പഠനോപകരണ നിർമ്മാണം.
പരീക്ഷണം.
പ്രകൃതിനടത്തം.
നിരീക്ഷണം.
ജലസംരക്ഷണപ്രവർത്തനം.
ഫീൽഡ്ട്രിപ്പ്.
ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലെയറിംഗ്.

സയൻസ് കിറ്റ് നിർമ്മാണം.
LED ലാമ്പ് നിർമ്മാണം.
ഇൻസ്പെയർ മാനക്.
മഴനടത്തം.
കളിമൺ ഉപയോഗിച്ച് പച്ചക്കറി നിർമാണം.
[illegible].

## സാമൂഹ്യ ശാസ്ത്രം.

### ലക്ഷ്യം.

ദേശസ്നേഹം വളർത്തുക.

സാമൂഹ്യ അവബോധം ഉണ്ടാക്കുക.

സമത്വം സാഹോദര്യം സമഭാവന എന്നിവ ഉണ്ടാക്കുക.

ഭരണഘടനയെ ബഹുമാനിക്കുക.

പൗരന്റെ അവകാശങ്ങളേയും കർത്തവ്യങ്ങളെ കുറിച്ചും ബോധം ഉണ്ടാക്കുക.

പരിസ്ഥിതി സംരക്ഷണം

ജെൻഡർ ഇക്വാലിറ്റി, ജാതിസമത്വം മതനിരപേക്ഷ സാമൂഹിക സമത്വം എന്നിവ വളർത്തുക.

പ്രകൃതി ദുരന്തങ്ങളെ കുറിച്ചുള്ള ബോധവത്കരണം.

### പ്രവർത്തനങ്ങൾ

ചിത്രപട വായന.

പതിപ്പ്, ചാർട്ട്

ആൽബം, പഠനോപകരണം നിർമ്മാണം.

ഫീൽഡ് ട്രിപ്പ്

ടൈംലൈൻ.

സെമിനാർ.

ഡിബേറ്റ്.

പ്രസംഗം.

കൊളാഷ് നിർമ്മാണം.

സ്ലോഗൻസ്.

ഗ്ലോബ് നിർമ്മാണം.

ഇന്റർവ്യൂ.

ചരിത്ര സ്മാരകങ്ങൾ സന്ദർശിക്കുക.

## ഗണിതം

ചതുഷ്ക്രിയകൾ സൂക്ഷ്മതയോടും കൃത്യതയോടും വേഗതയോടും കൈകാര്യം ചെയ്യൽ.

ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ.

ഗണിതപ്രശ്നങ്ങൾ അപഗ്രഥിക്കാനുള്ള കഴിവ് നേടൽ

ഗണിത സൗന്ദര്യാസ്വാദനം.

ഗണിത പസിലുകൾ ജ്യാമിതീയ രൂപങ്ങൾ നിർമ്മാണം അവതരണം.

അളവുകൾ തൂക്കങ്ങൾ സമയം എന്നിവയെക്കുറിച്ച് ധാരണ നേടൽ.

ഗണിതാശയങ്ങൾ ഉറപ്പിക്കൽ

ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തൽ.

## പ്രവർത്തനങ്ങൾ

ഗണിത ക്ലബ്ബ്

സംഖ്യാകാർഡ് നിർമ്മാണം.

സ്ഥാനവില പോക്കറ്റ് നിർമ്മാണം.

ജ്യാമിതീയ രൂപങ്ങൾ നിർമിക്കൽ

പഠനോപകരണ നിർമ്മാണം.

ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.

വ്യത്യസ്ത അളവുകൾ തൂക്കങ്ങൾ സമയം പരിചയപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ.

## ഐസിടി.

### ലക്ഷ്യങ്ങൾ

ഐസിടി ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും
അറിവ് നിർമ്മാണ പ്രക്രിയയിൽ അതിന്റെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുക
കുട്ടികൾക്ക് കമ്പ്യൂട്ടർ സ്വതന്ത്രമായി ഉപയോഗിക്കാൻ
കഴിയുന്ന ഒരു സാഹചര്യം സൃഷ്ടിക്കുക.

### പ്രവർത്തനങ്ങൾ

ക്വിസ്‌പെട്ടി.
പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.

## പ്രവൃത്തിപരിചയ, കലാ, കായിക പ്രവർത്തനങ്ങൾ

### ലക്ഷ്യം

കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുകയും
കലാഭിരുചി വളർത്തുകയും ചെയ്യുക.
ഓരോ കുട്ടിയുടേയും തനതായ കഴിവ് വികസിപ്പിക്കാനുള്ള
അവസരം നൽകുക.
കുട്ടികളുടെ മാനസിക ശാരീരിക വികാസത്തിന് അവസരം
നൽകുക.
എല്ലാ കുട്ടികൾക്കും നിർമ്മാണാത്മക കഴിവുകൾ വികസിപ്പിക്കൽ.

### പ്രവർത്തനങ്ങൾ

| | |
|---|---|
| ചിത്രരചന | മാസ്ഡ്രിൽ |
| അഭിനയം. | സുംബ. |
| പാട്ടുകൾ. | ആരോഗ്യബോധവൽക്കരണ ക്ലാസ് |
| സർഗവേള. | പ്രവൃത്തിപരിചയത്തിൽ പാക്കിംഗ്. |